"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- കോഴിക്കോട് എസ്.പി.സി.എ യിൽ സീനിയർ ഇൻസ്പെക്ടർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ കെ. അജിത് കുമാറിന് **2024-25 സാമ്പത്തിക വർഷത്തെ എക്സ് ഗ്രേഷ്യാ അലവൻസ്** അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.2027/2025/LSGD തീയതി,തിരുവനന്തപുരം, 15-08-2025

---

പരാമർശം:-

1. 09/09/2015 ലെ GO(MS)No.276/2015/LSGD സർക്കാർ ഉത്തരവ്.
2. 24/1/2025 ലെ സ.ഉ (സാ) നം.245/2025 സർക്കാർ ഉത്തരവ്.
3. കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 21/05/2025 ലെ 1314552-2025 നമ്പർ കത്ത്
4. ധനകാര്യ വികസന വകുപ്പിന്റെ 28/07/2025 ലെ 3197834/DEV-2/128/2025-FIN നമ്പർ കുറിപ്പ്

**<u>ഉത്തരവ്</u>**

SPCA (Society for the Prevention of Cruelty to Animals) യിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് മറ്റ് റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്കൊന്നും അർഹതയില്ലാത്തതിനാൽ എക്സ്ഗ്രേഷ്യാ അലവൻസായി 8100/- രൂപ മാസം തോറും നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട് . കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള എസ്.പി.സി.എ യിൽ സീനിയർ ഇൻസ്പെക്ടർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ.കെ.അജിത്ത് കുമാറിന് 2023-24 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യാ അലവൻസ് പരാമർശം (2) പ്രകാരം അനുവദിച്ചിരുന്നു. 2024-25 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യാ അലവൻസ് തുകയായ 97200/- രൂപ (പ്രതിമാസം 8100/- രൂപ നിരക്കിൽ) അനുവദിയ്ക്കുന്നതിന് പഞ്ചായത്ത് സമിതി തീരുമാനം, ടാബുലേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ സഹിതം കോഴിക്കോട് പഞ്ചായത്ത് സെക്രട്ടറി പരാമർശം (2) പ്രകാരം ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ പരാമർശം (3) ശുപാർശയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് SPCA യിൽ നിന്നും സീനിയർ ഇൻസ്പെക്ടറായി വിരമിച്ച ശ്രീ.കെ.അജിത്ത് കുമാറിന് 2024-25 സാമ്പത്തിക വർഷം എക്സ്ഗ്രേഷ്യാ അലവൻസ് അനുവദിക്കുന്നതിന് ഒരു മാസത്തേക്ക് 8100/- രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്ക് 97200/- രൂപ (തൊണ്ണൂറ്റി ഏഴായിരത്തി ഇരുന്നൂറ് രൂപ മാത്രം ) '2403-00-196-50 NP' എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കോഴിക്കോട് ജില്ലാപഞ്ചായത്ത്
ശ്രീ കെ. അജിത് കുമാർ (സെക്രട്ടറി, കോഴിക്കോട് ജില്ലാപഞ്ചായത്ത് മുഖാന്തരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
കരുതൽ ഫയൽ (ഡി.ബി3/226/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 16-08-2025 22:17:19